**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **13-02-2025 - ൽ മറുപടിയ്ക്ക്**

**കൃഷിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കൃഷിയുടെ ഉല്പാദന ക്ഷമത ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കൃഷിയുടെ ഉല്പാദന ക്ഷമത ഉയർത്തുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. .<br><br>കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി 2022-23 സാമ്പത്തിക വർഷം തൊട്ട് നടപ്പാക്കുന്ന പദ്ധതികളാണ് **കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപന**ത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു.<br><br>വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന 'കേര രക്ഷാ വാരം' പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വില പരിക്രമണം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വിള വൈവിധ്യവൽക്കരണം, വിളതീവ്രത' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്കരണ മേഖലയിൽ കസ്റ്റം ഹയറിങ് സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ സബ്സീഡി നിരക്കിൽ ലഭ്യമാക്കുന്നു.<br><br>ഇതോടൊപ്പം ജൈവകൃഷി വികസനം, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, വിപണി വികസനം, കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള പദ്ധതി, പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതി നുള്ള കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) | നെല്ല്, നാളികേരം, പച്ചക്കറി എന്നിവയുടെ ഉല്പാദന ക്ഷമതയിൽ വർദ്ധിപ്പിക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദനക്ഷമതയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നു ലഭിച്ച കണക്കുകൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. |

| വിള | 2021-22 ഉത്പാദന ക്ഷമത (കി.ഗ്രാം/ ഹെക്ടർ) | 2022-23 ഉത്പാദന ക്ഷമത (കി.ഗ്രാം/ ഹെക്ടർ) |
|---|---|---|
| നെല്ല് (അരി) | 2884 | 3117 |
| തേങ്ങ (എണ്ണം/ ഹെക്ടർ) | 7231 | 7419 |

സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "പച്ചക്കറി വികസന പദ്ധതി". കേരളത്തിൽ പച്ചക്കറി ഉല്പാദനം 2021-22ൽ16.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇത് 2023-24ൽ17.21 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു.

കേരളത്തിലെ പ്രധാന വിളകളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും ഈ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുവാനും സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളാണ് നെൽ കൃഷി വികസനം, പച്ചക്കറി വികസനം, നാളികേര വികസനം എന്നിവ.

തരിശുനിലകൃഷി എന്ന പരിപാടിയിലൂടെ വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി, ഡ്രോണുകളുടെ ഉപയോഗത്തിലൂടെ സൂക്ഷ്മമൂലകങ്ങളുടെ പത്രപോഷണം, നെൽ കൃഷിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായം, എന്നിവയാണ് നെൽകൃഷി വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സവിശേഷ നെല്ലിനങ്ങളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിലൂടെ നെൽ വിത്തുല്പാദനം നടപ്പിലാക്കുന്നു. ഇതിലൂടെ സംസ്ഥാനത്ത് ഗുണമേന്മയുള്ള നെൽ വിത്ത് കർഷകർക്ക് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം ലഭ്യമാക്കുന്നു.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ്

സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ) തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തിയാണ് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പോഷകത്തോട്ടങ്ങളുടെ സ്ഥാപിക്കൽ, പച്ചക്കറി കൃഷിയ്ക്കുള്ള അടിസ്ഥാനസൗകര്യ വികസനം – മഴമറ, ജലസേചനം മുതലായവ, വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പരിപാടികൾക്കുള്ള പിന്തുണ, പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ളതും പുതിയതുമായ തെങ്ങുകൾക്ക് ശാസ്ത്രീയ പരിപാലന മാർഗ്ഗങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക ഉൾപ്പെടെ മണ്ണ് പരിശോധനാ അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം, ജലസേചനം, രോഗകീടപരിപാലനം, തെങ്ങിൻതോട്ടങ്ങളിൽ ബഹുവിള കൃഷി സമ്പ്രദായം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

സമഗ്രമായ നാളികേര പുനരുജ്ജീവനവും നടീൽ പരിപാടി – നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും, കേരരക്ഷാവാരം, കേരഗ്രാമം പ്രവർത്തനങ്ങൾ, വിത്തുതേങ്ങാ സംഭരണവും തെങ്ങിൻ തൈ ഉല്പാദനം എന്നീ ഘടകങ്ങളാണ് നടപ്പിലാക്കുന്നത്. കേര രക്ഷാ വാരത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള ആരോഗ്യകരവും ഉൽപ്പാദനക്ഷമതയുള്ളതുമായ എല്ലാ തെങ്ങുകളിലും സംയോജിത വളപ്രയോഗം, കീട, രോഗ പരിപാലന പ്രവർത്തനങ്ങൾ എന്നിവ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തുന്നു.

മേൽ പറഞ്ഞവ കൂടാതെ, കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള

| | | | |
|---|---|---|---|
| | | | പദ്ധതി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, മണ്ണിന്റെയും വിളകളുടേയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും, വിള ആരോഗ്യപരിപാലനം, ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം, മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കു ന്നതിനായി വിത്ത് പരിശോധന എന്നിവയ്ക്കാവശ്യമുള്ള ലാബുകൾക്കുള്ള സഹായം, വിപണനത്തിനും മൂല്യവർദ്ധനവിനും സഹായിക്കുന്ന പദ്ധതികൾ, സർക്കാർ നടപ്പിലാക്കുന്ന നെല്ല് സംഭരണവും പച്ചത്തേങ്ങ സംഭരണം, കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ, നാളികേര വികസന ബോർഡ് പദ്ധതികൾ, റെയിൻഫെഡ് ഏറിയ ഡെവലപ്മെന്റ് പദ്ധതി, എന്നിവയും പ്രധാന വിളകളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പിന്തുണയ്ക്കുന്നു. |
| (സി) | കാർഷികോല്പാദന ക്ഷമതയിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുന്നുണ്ടോ; കർഷക കുടുംബങ്ങളുടെ വരുമാനക്കണക്ക് എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കാർഷികോല്പാദന ക്ഷമതയിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി കേരളത്തിലെ കാർഷിക കുടുംബങ്ങളുടെ സാഹചര്യം വിലയിരുത്തുന്ന സർവ്വേ (Situation Assessment Survey on Agricultural Households in Kerala 2024-25) ഈ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു. 2021ൽ കേരളത്തിൽ അധികാരത്തിലേറിയ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് കേരളത്തിലെ കർഷക കുടുംബങ്ങളുടെ വരുമാനം അഞ്ചു വർഷം കൊണ്ട് 50 ശതമാനം വർദ്ധിപ്പിക്കുക എന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വിവിധ നയപരിപാടികളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും ഗുണഫലമായി ഈ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മേൽ പറഞ്ഞ സർവ്വേ കൃഷി വകുപ്പും സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പും സംയുക്തമായാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ